നഗരസഭകളിലെ പദ്ധതി രൂപീകരണം

123 (1559) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ പദ്ധതി രൂപീകരണത്തിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ ആണ് പുറപ്പെടുവിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(ബി) നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നവീനങ്ങളായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇത് എത്ര നഗരസഭകളിൽ നടപ്പിലാക്കാനാണ് ആലോചിക്കുന്നത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) 16-11-2013-ലെ സ.ഉ (എംഎസ്.) 362/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയനുസരിച്ചാണ് നഗരസഭകൾ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. വിശദാംശങ്ങൾ പ്രസ്തുത ഉത്തരവിൽ ലഭ്യമാണ്.

(ബി) 1. പ്ലിന്ത് ഏര്യ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി പരിഷ്കരണം നഗരസഭകളിൽ നടപ്പിലാക്കി.

2. പരസ്യ നികുതി പരിഷ്കരിക്കുവാൻ മോഡൽ നിയമാവലി എല്ലാ നഗരസഭകൾക്കും അയച്ചുകൊടുത്ത് പരസ്യ നികുതി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്.

3. വിനോദ നികുതി ചോർച്ച തടയുവാൻ സിനിമാ തീയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ച് പി.പി.പി. മാതൃകയിൽ വരുമാന ദായകമായ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരിയിൽ 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപ സംഗമം നടത്തുകയും കേരളത്തിലെ നിക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംഗമത്തിൽ 29 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നായി 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ നടത്താമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുന്നതിനായി സർക്കാർ പാർട്ട്ണർ കേരള മിഷൻ രൂപീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്.

പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പദ്ധതി

124 (1560) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ ;

(ബി) ഇതിനുവേണ്ടി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഇത്തരം സംസ്കരണ കേന്ദ്രങ്ങളിൽ വേണ്ടതായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ-സൈക്ലിംഗ്വഴി പുനരുപയോഗം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പഞ്ചായത്ത് തലത്തിലും നഗരസഭാ തലത്തിലും പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിവരുന്നു. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് കവറുകൾ റീ-സൈക്ലിംഗിനും റോഡ് ടാറിംഗിനും ഉപയോഗപ്പെടുത്താൻ നടപടി എടുത്തിട്ടുണ്ട്. റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗവും ക്ലീൻ കേരള കമ്പനിയും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സിമന്റ് പ്ലാന്റുകളിലെ നിർമ്മാണ ചൂളകളിൽ കൽക്കരിയോടൊപ്പം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സഞ്ചികൾ ഇന്ധനമായി ഉപയോഗിക്കാൻ ദേശീയ തലത്തിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ആയത് കേരളത്തിൽ നടപ്പിലാക്കാൻ പാലക്കാട്ടെ മലബാർ സിമന്റ്സ് നടപടി എടുത്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മെറ്റീരിയിൽ റിക്കവറി ഫെസിലിറ്റി (MRF) ഉണ്ടാക്കി അവിടെ സംഭരിക്കാനും സ്ക്രാപ് ഡീലർമാർവഴി അവ പുനഃചംക്രമണത്തിന് നൽകാനും ശുചിത്വമിഷന്റെ

LIBRARY ARCHIVES Kerala Legislative Assembly